روضة الخطباء
റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്
sufaraulislam.com
തിന്മകൾ പരസ്യപ്പെടുത്തൽ
20/08/2021

بسم الله الرحمن الرحيم

**തിന്മകൾ പരസ്യപ്പെടുത്തൽ**

- മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് പാപം ചെയ്യുന്ന പ്രകൃതിയിലാണ്.
- പാപം ചെയ്യാത്തവരായി ആരും തന്നെ ഇല്ല...

عن أنس بن مالك :كُلُّ بَنِي آدَمَ خَطَّاءٌ، وخيرُ الخطّائين التَّوابُون. (أحمد)

- എന്നാൽ ഉത്തമർ പശ്ചാത്തപിച്ച് മടങ്ങുന്നവർ ആണ്.
- പാപം ചെയ്യാത്ത സമൂഹത്തെ അല്ലാഹു നീക്കം ചെയ്യുകയും പാപം ചെയ്യുന്നവരെ കൊണ്ടു വന്ന് അവർ പാപമോചനം തേടുകയും അവർക്ക് പൊറുത്ത് കൊടുക്കുകയും ചെയ്യും.

عن أبي هريرة قال: قال رسول الله ﷺ والَّذِي نَفْسِي بِيَدِهِ لو لَمْ تُذْنِبُوا لَذَهَبَ اللَّهُ بِكُمْ، وَلَجاءَ بِقَوْمٍ يُذْنِبُونَ، فَيَسْتَغْفِرُونَ اللَّهَ فَيَغْفِرُ لهمْ. (مسلم)

എന്റെ ആത്മാവ് ആരുടെ കൈയ്യിലാണോ അവൻ തന്നെ സത്യം. നിങ്ങൾ തെറ്റ് ചെയ്യുന്നില്ലായിരുന്നുവെങ്കിൽ അല്ലാഹു നിങ്ങളെ പോക്കികളയുമായിരുന്നു. എന്നിട്ട് തെറ്റ് ചെയ്യുന്ന ഒരു ജനതയെ കൊണ്ടു വരുമായിരുന്നു. അങ്ങനെ അവർ അല്ലാഹുവോട് പാപമോചനം തേടുകയും അവൻ അവർക്ക് പൊറുത്തു കൊടുക്കുകയും ചെയ്യും. (മുസ്ലിം)

- **എന്നാൽ അത്രയേറെ കാരുണ്യവും അനുകമ്പയും ഉള്ള അല്ലാഹു ഒരു വിഭാഗം ആളുകൾക്ക് പൊറുത്ത് കൊടുക്കുകയില്ല...**

عن أبي هُرَيْرَةَ رضي الله عنه قال: سَمِعْتُ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ: كُلُّ أُمَّتِي مُعَافًى إِلَّا الْمُجَاهِرِينَ، وَإِنَّ مِنَ الْمُجَاهَرَةِ أَنْ يَعْمَلَ الرَّجُلُ بِاللَّيْلِ عَمَلًا، ثُمَّ يُصْبِحَ وَقَدْ سَتَرَهُ اللَّهُ عَلَيْهِ، فَيَقُولَ: يَا فُلَانُ عَمِلْتُ الْبَارِحَةَ كَذَا وَكَذَا، وَقَدْ بَاتَ يَسْتُرُهُ رَبُّهُ وَيُصْبِحُ يَكْشِفُ سِتْرَ اللَّهِ عَنْهُ (أخرجه البخاري)

എന്റെ സമുദായത്തിലെ എല്ലാവർക്കും വിട്ടു വീഴ്ച്ച ചെയ്യപ്പെടും. അൽ മുജാഹിരീൻ ഒഴികെ, ഒരാൾ രാത്രിയിൽ ഒരു (തെറ്റ്) ചെയ്യുന്നു. നേരം വെളുക്കുമ്പോൾ അല്ലാഹു അത് മറച്ചു വെച്ചിട്ടുണ്ടായിരിക്കും. എന്നാൽ അവൻ പറയും. ഞാൻ തൊട്ടു മുമ്പ് ഇന്ന ഇന്നതൊക്കെ ചെയ്തു. രാത്രിയിൽ അല്ലാഹു അത് മറച്ചു വെച്ചു. എന്നാൽ പ്രഭാതം ആയപ്പോൾ അവന്റെ കാര്യത്തിലുള്ള അല്ലാഹുവിന്റെ മറ അവൻ വെളിവാക്കി. അത് മുജാഹറത്തിൽ പെട്ടതാണ്. (ബുഖാരി)

**തിന്മകളെ പരസ്യപ്പെടുത്തരുത്.**

- ഇഹലോകത്ത് തിന്മകളെ മറച്ച് വെച്ചാൽ അതു കൊണ്ട് ജനങ്ങളുടെ നാവിനാലും കരങ്ങളാലും സംരക്ഷണം കിട്ടും
- പരലോകത്തും അല്ലാഹു നമ്മുടെ തിന്മകളെ മറച്ച് വെക്കും. അത് മൂലം അല്ലാഹു അവർക്ക് പൊറുത്ത് കൊടുക്കുകയും ചെയ്യും.
- എന്നാൽ അല്ലാഹു മറച്ച് വെച്ച തിന്മകളെ ഒരാൾ പരസ്യപ്പെടുത്തിയാൽ അല്ലാഹു പൊറുക്കുകയില്ല.

## ❖ പരസ്യപ്പെടുത്തൽ രണ്ട് രീതിയിലുണ്ട്

1. **ചെയ്ത തിന്മകൾ എടുത്ത് പറയൽ.**
2. **തിന്മകൾ പരസ്യമായി ചെയ്യൽ.**

## ❖ ഒരു തിന്മയെ പരസ്യപ്പെടുത്തുന്നവൻ നാല് രീതിയിൽ പാപിയാണ്

1. ആ തിന്മ പ്രവർത്തിച്ചതിന്റെ പാപം.
2. പാപം ചെയ്യാനുള്ള ധൈര്യമുണ്ടാവുകയും, റബ്ബിനോടും ജനങ്ങളോടും യാതൊരു ലജ്ജയുമില്ലാതെ പോകും.
3. അല്ലാഹു അവന്റെ ദയാ ദാക്ഷിണ്യവും മൂലം മറച്ച തിന്മയെ വെളിപ്പെടുത്തുന്നത് കൊണ്ട് അല്ലാഹുവോടുള്ള വഞ്ചന വരുന്നു.
4. മറ്റുള്ളവർക്ക് ഒരു പ്രേരണ ആകുന്നത് വഴി പാപത്തിന്റെ ഗൗരവം കൂടും.

## ❖ ശ്രദ്ധിക്കുക:

- എന്നാൽ ഒരു വ്യക്തി സംശയ നിവാരണത്തിനായോ ഫത്'വ ചോദിക്കാനോ അല്ലെങ്കിൽ മറ്റ് വല്ല നന്മക്കോ വേണ്ടി പരസ്യപ്പെടുത്തിയാൽ കുഴപ്പം ഇല്ല.
- റമദാനിൽ ഭാര്യയെ ബന്ധപ്പെട്ട ഒരു മനുഷ്യനോട് നബി (സ) യുടെ പ്രതികരണം തെളിവാണ്

## ❖ തിന്മകൾ പരസ്യപ്പെടുത്തുന്നതിന്റെ അപകടങ്ങൾ

1. **ഇഹലോകത്തും പരലോകത്തും ശിക്ഷ**

إِنَّ الَّذِينَ يُحِبُّونَ أَنْ تَشِيعَ الْفَاحِشَةُ فِي الَّذِينَ آمَنُوا لَهُمْ عَذَابٌ أَلِيمٌ فِي الدُّنْيَا وَالْآخِرَةِ [النور: ١٩]

മുഫസ്സിറുകൾ പറയുന്നു:

وشيوعُ الفاحشة: هو انتشارها واشتهارها، والتَّحدُّث والمجاهرة بها...

وشيوعُ الفاحشة എന്നാൽ തിന്മകൾ പരസ്യപ്പെടുത്തുക, പ്രശസ്തമാക്കുക, അതിനെക്കുറിച്ച് സംസാരിക്കുക എന്നതെല്ലാമാണ്.

നബി (സ്വ) പറഞ്ഞു:

عن ابن عباس رضي الله عنهما قال: قال رسول الله صلى الله عليه وسلم: إِذَا ظَهَرَ الزِّنَى والرِّبَا في قَرِيَة فقد أَحَلُّوا بأنفسهم عذابَ الله (أخرجه الطبراني في الكبير)

വ്യഭിചാരവും പലിശയും ഒരു നാട്ടിൽ പ്രകടമായാൽ അവർ അല്ലാഹുവിന്റെ ശിക്ഷ അവരുടെ മേൽ ഇറക്കി. (ത്വബ്റാനി)

2. **മുൻകാലക്കാർക്ക് പരിചയം ഇല്ലാത്ത അപൂർവ രോഗങ്ങളും പുതിയ അപകടങ്ങളും വ്യാപിക്കും**

عن عبدالله بن عمر :يا مَعشَرَ المُهاجِرينَ! خَمسُ خِصالٍ إذا ابْتُلِيتُم بِهِنَّ، وأَعوذُ باللهِ أنْ تُدْرِكُوهُنَّ :لم تَظْهرِ الفاحِشةُ في قومٍ قطُّ حتى يُعلِنُوا بِها؛إلا فَشا فِيهمُ الطاعونُ والأَوجاعُ التِي لم تكنْ مَضتْ في أسلافِهِم الَّذين مَضَوا، (أخرجه ابن ماجه)

അല്ലയോ മുഹാജിരീൻ, അഞ്ചു കാര്യങ്ങൾ കൊണ്ട് നിങ്ങൾ പരീക്ഷിക്കപ്പെടുമ്പോൾ- അവ നിങ്ങളെ ബാധിക്കുന്നതിൽ നിന്ന് ഞാൻ അല്ലാഹുവോട് രക്ഷ തേടുന്നു. ഒരു ജനതയിലും തിന്മ പരസ്യപ്പെടുത്തുന്നതു വരെ അത് പ്രകടമായിട്ടില്ല, അവരിൽ പ്ലേഗും, മുൻ കഴിഞ്ഞ സമുദായങ്ങളിൽ കാണപ്പെട്ടിട്ടില്ലാത്ത അസുഖങ്ങളും വ്യാപകമായിട്ടല്ലാതെ. (ഇബ്നു മാജ)

3. **മ്ലേച്ചതകൾ വ്യാപിക്കുമ്പോൾ അവയെ തടയാത്തത് കൊണ്ടും മറ്റും ശിക്ഷ എല്ലാവരിലേക്കും ഇറങ്ങും**

وَاتَّقُوا فِتْنَةً لَا تُصِيبَنَّ الَّذِينَ ظَلَمُوا مِنْكُمْ خَاصَّةً وَاعْلَمُوا أَنَّ اللَّهَ شَدِيدُ الْعِقَابِ [الأنفال: ٢٥]

4. **അന്ത്യ നാൾ അടുക്കാൻ കാരണക്കാരൻ ആകും.**

عن عبد الله بن عمرو رضي الله عنهما قال: قال رسول الله صلى الله عليه وسلم: والذي نفسُ محمد بيده لا تقوم السَّاعَة حتى يظهرَ الفُحش والتَّفحُّش، وسوءُ الجِوار، وقطيعةُ الأرحام، وحتى يُخوَّنَ الأمينُ، ويُؤتمن الخائنُ ( أخرجه أحمد في المسند)

❖ **തിന്മകൾ പരസ്യമായി വ്യാപിക്കുമ്പോൾ വിശ്വാസിയുടെ ബാധ്യതകൾ**

1. **ശക്തമായി ദഅവത്ത് നടത്തുക (നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക)**

وَلْتَكُنْ مِنْكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ وَأُولَئِكَ هُمُ الْمُفْلِحُونَ [آل عمران: ١٠٤]

عن أبي سعيد الخدري رضي الله عنه قال: قال رسول الله صلى الله عليه وسلم: مَنْ رَأَى مِنْكُمْ مُنْكَراً فَلْيُغَيِّرْهُ بِيَدِهِ، فَإِنْ لَمْ يَسْتَطِعْ فَبِلِسَانِهِ، فَإِنْ لَمْ يَسْتَطِعْ فَبِقَلْبِهِ، وَذَلِكَ أَضْعَفُ الإِيمَانِ (أخرجه مسلم)

**2. തിന്മകളോടും അതിന്റെ ആളുകളോടും വെറുപ്പ് കാണിക്കുക**

**3. തിന്മകൾ രഹസ്യമാക്കി വെക്കാൻ കൽപിക്കുക.**

عن عبدالله بن عمر :أنَّ رسولَ اللهِ صلّى اللهُ عليه وسلَّم لمّا رَجَمَ الأَسْلَميَّ الَّذي أَخبَرَه عن نفْسِه أنَّه زنا فرَجَمَه، قام في النّاسِ، فقال: يا أيُّها النّاسُ، اجتَنِبوا هذه القاذُورةَ الَّتي نهى اللهُ عنها، ومَن أَلَمَّ بها فلْيَسْتَتِرْ بسِتْرِ اللهِ عزَّ وجلَّ (أخرجه الحاكم في المستدرك)

വ്യഭിചാരക്കുറ്റം സ്വയം ഏറ്റു പറഞ്ഞു അസ്ലം ഗോത്രത്തിൽ നിന്നും പ്രവാചക സന്നിധിയിൽ എത്തിയ വ്യക്തിക്ക് ശിക്ഷനടപ്പിൽ വരുത്തിയശേഷം പ്രവാചകൻ പറഞ്ഞു: അല്ലയോ ജനങ്ങളെ അല്ലാഹു വിരോധിച്ച ഈ മ്ലേച്ഛമായ കാര്യത്തെ നിങ്ങൾ ഒഴിവാക്കുക ആരെങ്കിലും അത് ചെയ്തു പോയാൽ അല്ലാഹു നൽകിയ മറ അവൻ സ്വീകരിക്കട്ടെ (ജനങ്ങൾക്കിടയിൽ പരസ്യപ്പെടുത്തരുത്)

فعن الأوزاعي رحمه الله قال: سمعت بلال بن سعد يقول: إنَّ المعصية إذا خفيت لم تضرَّ إلَّا صاحبَها، وإذا أُعلِنتْ فلم تُغَيَّرْ ضَرَّتْ العَامَّة (شعب الإيمان للبيهقي)

**4. തിന്മകൾ പരസ്യമായി നിർവഹിക്കപ്പെടുന്ന സ്ഥലങ്ങളിൽ നിന്ന് മാറി നിൽക്കുക... അത്തരത്തിലുള്ള നാടുകളിലേക്ക് അത്യാവശ്യത്തിന് അല്ലാതെ പോകാതിരിക്കുക...**

وَلَا تَرْكَنُوا إِلَى الَّذِينَ ظَلَمُوا فَتَمَسَّكُمُ النَّارُ وَمَا لَكُمْ مِنْ دُونِ اللَّهِ مِنْ أَوْلِيَاءَ ثُمَّ لَا تُنْصَرُونَ [هود: ١١٣]

والركون إليهم يكون بمجالستهم، وتعظيم ذكرهم، والتزيي بزيهم، مع ترك تذكيرهم ووعظهم. (تفسير البيضاوي)

**5. വേദക്കാരെ അനുകരിക്കുന്നതിൽ നിന്നും ജാഗ്രത പാലിക്കുക.**

عن ابن عباس رضي الله عنهما قال: قال رسول الله صلى الله عليه وسلم: «لتَرْكَبن سَنَنَ من كان قبلكم شِبرًا بشبر، وذراعًا بذراع، حتى لو أنَّ أحدَهم دَخَلَ جُحْرَ ضَبٍّ لَدَخَلتُم، وحتى لو أنَّ أحدَهم جامَعَ امرأته بالطريق لفعلتموه (أخرجه الحاكم في المستدرك)

**സോഷ്യൽ മീഡിയകളിലും മറ്റും പരസ്യമായി പ്രചരിച്ച് വരുന്ന വൃത്തികേടുകളിൽ നിന്ന് വിശ്വാസി മാറി നിൽക്കേണ്ടത് ഉണ്ട്.**

- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സ്ആപ്പ് മെസേജ് അയക്കുക.
- ഖുത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്ബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.

https://t.me/joinchat/ScQ○nQalrhJ൨ZcA_